പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1494 — 03.10.2016 ൽ മറുപടിയ്ക്ക്

"സൈലോ" ധാന്യസംഭരണികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ. ദാസൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. വി. ജോയി<br>ശ്രീ. കെ.ഡി. പ്രസേനൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) ഭക്ഷ്യധാന്യ സംഭരണവും വിതരണവും സ്വകാര്യ കോർപ്പറേറ്റുകളെ ഏൽപ്പിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം സംസ്ഥാനങ്ങളുടെ പൊതുവിതരണ സംവിധാനത്തെ ദോഷകരമായി ബാധിക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) "സൈലോ" ധാന്യസംഭരണികൾ വ്യാപിക്കുന്നതിലൂടെ പ്രസ്തുത മേഖലയിലെ പതിനായിരങ്ങളുടെ തൊഴിൽ നഷ്ടപ്പെടുമെന്ന യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) പ്രസ്തുത പദ്ധതി നിർബന്ധമായും നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽ ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) പദ്ധതി നടപ്പാക്കുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളുടെ തൊഴിൽ-പുനരധിവാസം എന്നിവയ്ക്കായി എന്തെങ്കിലും നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ